പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1903 26-10-2026-ൽ മറുപടിയ്ക്ക്

ബജറ്റിൽ വകയിരുത്തിയ പദ്ധതികളുടെ ഭരണാനുമതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. എ. പ്രഭാകരൻ	ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

(എ) ബജറ്റിൽ 20% തുക വകയിരുത്തിയിട്ടുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിന് ധനകാര്യ വകുപ്പ് സ്വീകരിച്ച് വരുന്ന നടപടിക്രമങ്ങളും പാലിക്കുന്ന മാനദണ്ഡങ്ങളും വിശദമാക്കാമോ;

മറുപടി: ബജറ്റിൽ 20% തുക വകയിരുത്തിയിട്ടുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനായി ഭരണവകുപ്പ് പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക്, പ്രവൃത്തിയുടെ സാങ്കേതിക വശങ്ങൾ പരിശോധിച്ച് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ (CTE) അഭിപ്രായം ലഭ്യമാക്കുന്നു. തുടർന്ന്, പദ്ധതിയുടെ സ്വഭാവം, ആവശ്യകത, ലഭ്യമായ ബജറ്റ് വിഹിതം, നിലവിലുള്ള സാമ്പത്തിക ബാധ്യതകൾ, നടപ്പുസാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾ, സർക്കാരിന്റെ മൊത്തത്തിലുള്ള സാമ്പത്തിക സ്ഥിതി എന്നിവ പരിഗണിച്ച്, ലഭ്യമായ വിഭവങ്ങൾക്കുള്ളിൽ മുൻഗണനാക്രമത്തിൽ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.

(ബി) അതാത് വർഷം തന്നെ ഭരണാനുമതി ലഭ്യമാക്കണമെന്ന് ധനവകുപ്പ് നിഷ്കർഷിക്കുന്നുണ്ടോ;

മറുപടി: ഇല്ല

(സി) മുൻ വർഷങ്ങളിലെ ബജറ്റിൽ 20 ശതമാനം തുക വകയിരുത്തിയ പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിന് എന്തെങ്കിലും നിയമപരമായ തടസ്സങ്ങൾ ഉണ്ടോ; വിശദമാക്കാമോ?

മറുപടി: ഇല്ല. മുൻവർഷങ്ങളിലെ ബജറ്റിൽ 20 ശതമാനം തുക വകയിരുത്തിയിട്ടുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിന് ഇക്കാരണത്താൽ മാത്രം നിയമപരമായ തടസ്സമില്ല. എന്നാൽ, ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ പരിഗണിക്കുമ്പോൾ പദ്ധതിയുടെ ആവശ്യകതയും നിലവിലെ പ്രസക്തിയും, സാങ്കേതിക പരിശോധനാ നടപടികളുടെ പൂർത്തീകരണം,

നിലവിലെ സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതവും സർക്കാരിന്റെ മൊത്തത്തിലുള്ള വിഭവലഭ്യതയും, നിലവിലുള്ള സാമ്പത്തിക ബാധ്യതകളും മറ്റ് മുൻഗണനാ ചെലവുകളും പരിഗണിച്ചാണ് തീരുമാനമെടുക്കുന്നത്. അതിനാൽ, സർക്കാരിന്റെ സാമ്പത്തിക സ്ഥിതിക്കും വിഭവലഭ്യതയ്ക്കും മുൻഗണനാ ആവശ്യങ്ങൾക്കും അനുസൃതമായി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.

സെക്ഷൻ ഓഫീസർ